പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 384 15/07/2015 ൽ മറുപടിക്ക്

# 108 ആംബുലൻസ് സർവ്വീസ്

| | ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ 108 ആംബുലൻസ് സർവ്വീസ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ 108 ആംബുലൻസുകളുടെ ഓപ്പറേറ്റിംങ് ഏജൻസിയായ മെസ്സേഴ്സ്. ജി.വി.കെ.ഇ.എം.ആർ.ഐ. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസുകളുടെ പ്രവർത്തനം തുടർന്നു പോകുവാൻ സാധ്യമല്ല എന്ന് അറിയിച്ചതിനെ തുടർന്ന് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ജില്ലാ ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുടെ സഹായത്തോടുകൂടി 108 ആംബുലൻസ് സർവ്വീസ് നടത്തുവാനായുള്ള ഒരു വിശദമായ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാരിലേക്ക് സമർപ്പിക്കുകയും അതിൻപ്രകാരം പ്രസ്തുത പദ്ധതി അംഗീകരിച്ചുകൊണ്ട് 08/06/2015 തീയതിയിലെ സ.ഉ.(സാധാ)നം. 1712/2015/ആ.കു.വ. നമ്പർ പ്രകാരം നിലവിലെ രണ്ട് ജില്ലകളിലെ 108 ആംബുലൻസ് സർവ്വീസ് കെ.എം.എസ്സ്.സി.എൽ ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. |
| ബി) | നിലവിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; പദ്ധതി തുടരുന്നതിനായി അവർ മുന്നോട്ടുവെച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ മെസ്സേഴ്സ്. ജി.വി.കെ.ഇ.എം.ആർ.ഐ എന്ന കമ്പനിയാണ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസുകളുടെ പ്രവർത്തനം നടത്തുന്നത്. 15/04/2015 ന് ശേഷം ഈ ജില്ലകളിലെ പ്രവർത്തനം തുടരുവാനായി അവർ മുന്നോട്ടുവച്ച നിബന്ധനകൾ താഴെചേർക്കുന്നു.<br>1) പ്രവർത്തന ചെലവ് 1,17,000 രൂപയിൽ നിന്നും 1,42,199/- രൂപയായി വർദ്ധിപ്പിക്കുക.<br>2) ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു ആംബുലൻസിന് 12 ദിവസം എന്ന രീതിയിൽ അനുവദിക്കുക. |

| | | | |
|---|---|---|---|
| | | | 3) മേൽ നിബന്ധനകൾ അംഗീകരിക്കാൻ കഴിയാത്തപക്ഷം 15/05/2015 അർദ്ധരാത്രി മുതൽ പ്രവർത്തനം കൈമാറുന്നതിനുള്ള അനുവാദം നൽകുക.<br>എന്നാൽ സർക്കാർ ഇക്കാര്യം അംഗീകരിച്ചില്ല. 108 ആംബുലൻസ് പ്രവർത്തനം നിലവിലെ രണ്ട് ജില്ലകളിൽ നേരിട്ട് നടത്തുന്നതിനായി 08/06/2015 ലെ സ.ഉ.(സാധാ)നം. 1712/2015/ആ.ക.വ. പ്രകാരം കെ.എം.എസ്.സി.എൽ. നെ ഏൽപ്പിക്കുകയും ചെയ്തു. |
| (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും 108 ആംബുലൻസ് സർവ്വീസ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 108 ആബുലൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി ജെ.എസ്.എസ്.കെ പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ ടെണ്ടർ ക്ഷണിച്ചിരുന്നു.പ്രസ്തുത ടെണ്ടറിൽ എൽ.1 ബിഡ്ഡർ ആയ മെ.ജീ.വി.കെ ഇ.എം.ആർ ഐ ക്വാട്ട് ചെയ്ത തുക 1,44,999 രൂപ ആകയാൽ ടെണ്ടർ കമ്മിറ്റി തുകയായ 1,22,000/- രൂപയ്ക്കുവേണ്ടി നെഗോഷ്യേഷൻ നടത്തിയെങ്കിലും പ്രസ്തുത തുക അംഗീകരിക്കാൻ കമ്പനി വിസമ്മതിച്ചതിനാൽ പദ്ധതി നടത്തിപ്പിന് വേണ്ടി റിടെണ്ടർ നടത്തുവാൻ കെ.എം.എസ്.സി.എല്ലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.ആയതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**